**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** | **07-07-2022 - ൽ മറുപടിയ്ക്ക്**

**സിലബസുകളിൽ നിയമസാക്ഷരത ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നിയമാവബോധം നൽകുന്നതിനും ഭരണഘടന സംബന്ധിച്ച അറിവ് നൽകുന്നതിനും നിയമ വകുപ്പിന് പദ്ധതികളുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെടുന്ന കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി (കെൽസ) താഴെ പറയും പ്രകാരം വിവിധ പരിപാടികൾ നടത്തി വരുന്നുണ്ട്.<br><br>വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>a) നിയമപാഠം സ്കൂൾ കുട്ടികൾക്ക്<br><br>b)നിയമപാഠം കോളേജ് വിദ്യാർത്ഥികൾക്ക്<br><br>c) Lessons in Law for CBSE students<br><br>ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിയമഗ്രോത്രം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ബുക്ക് ചലഞ്ച് പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ബാല മന്ദിരങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുകയുണ്ടായി. കുട്ടികളിൽ നിയമവബോധം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ പതിനൊന്ന് വർഷമായി സ്കൂൾ തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും |

സംസ്ഥാന തലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ക്വിസ് കോംപറ്റീഷൻ നടത്തിവരുന്നു. സ്കൂളുകളിൽ ലീഗൽ ലിറ്ററസി ക്ലബുകൾ രൂപീകരിക്കുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെ വിവിധ പരിപാടികൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തിവരുന്നു. പുതിയ തലമുറയെ നിയമ സാക്ഷരരാക്കാനും ബോധവൽക്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കൊണ്ട് സ്ത്രീധനം, സ്ത്രീധനനിരോധന നിയമം, ഗാർഹികപീഡന നിയമം തുടങ്ങിയവയെ കുറിച്ച് കെൽസ 2021 ജൂലൈയിൽ ഒരു മാസത്തെ ബോധ വൽക്കരണ ക്യാമ്പയിൻ നടത്തി. ഭരണഘടന സാക്ഷരത ജനകീയമാക്കുന്ന തിലേയ്ക്കായി ഭരണഘടന തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിയമസാക്ഷരത പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. കുടുംബശ്രീ വർക്കേഴ്സ്, ആശാ വർക്കേഴ്സ്, MGNREGS തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് നിയമ ബോധന ക്ലാസ്സുകൾ തുടർച്ചയായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തിവരുന്നു. Pan India Legal Awareness Campaign ന്റെ ഭാഗമായി സംസ്ഥാന ത്തുടനീളം എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നാൽപത്തഞ്ച് ദിവസത്തോളം നീണ്ടുനിന്ന നിയമബോധന പരിപാടികൾ സംഘടി പ്പിച്ചിരുന്നു. സ്ത്രീകൾക്കും മുതിർന്ന പൗരൻമാർക്കും ആവശ്യമായ നിയമങ്ങളും അവർക്കുള്ള വിവിധ പദ്ധതികളും സംബന്ധിച്ച അവബോധം നൽകുന്നതി നായി സ്ത്രീയും നിയമവും, അന്തസ്സോടെയുള്ള ജീവിത സായാഹ്നം തുടങ്ങിയ കൈപുസ്തകം കെൽസ പ്രസിദ്ധീകരിച്ചു വരുന്നു. വിക്ടിം റൈറ്റ്സ് സെന്റർ എന്ന പേരിൽ കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം POCSO അടക്കമുള്ള വിവിധ കുറ്റ

| | | | |
|---|---|---|---|
| | | | കൃത്യങ്ങളിൽ ഇരയാക്കപ്പെട്ടിട്ടുള്ള സ്ത്രീകളും കുട്ടികളും അടക്കമുള്ള ഇരകളുടെ നിലനിൽപ്പിനും മാനസികമായും ശാരീരകമായുള്ള അവരുടെ ആഘാതങ്ങൾക്ക് ചികിത്സ, കൗൺസിലിംഗ്, നിയമ സഹായം, മോട്ടിവേഷൻ ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. |
| (ബി) | സിലബസുകളിൽ നിയമ സാക്ഷരത ഉൾപ്പെടുത്തുന്നതിന് നിയമ വകുപ്പ് മുൻകൈ എടുക്കുമോ; | (ബി) | ഉന്നതവിദ്യാഭ്യാസ/പൊതുവിദ്യാഭ്യാസ വകുപ്പുകളാണ് സിലബസുകൾ ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്. |
| (സി) | സംസ്ഥാനത്തെ ആരോഗ്യ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നിയമ പഠനം ഉറപ്പ് വരുത്താൻ നിയമ വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കാമോ? | (സി) | **ആരോഗ്യ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നിയമപഠനം ഉറപ്പ് വരുത്തുന്ന വിഷയം നിയമവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ഇക്കാര്യത്തിൽ നിയമവകുപ്പിന് പ്രത്യേകമായി തീരുമാനം എടുക്കാൻ സാധിക്കുന്നതല്ല.** |

സെക്ഷൻ ഓഫീസർ